**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - എരുമയൂർ ഗ്രാമപഞ്ചായത്ത് - ആരാധന ഗ്രാനൈറ്റ്സ് എം സാന്റ് യൂണിറ്റിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും ബഹു ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് നടത്തിപ്പിനുമുള്ള തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2797/2019/ത.സ്വ.ഭ.വ**
**തിരുവനന്തപുരം, തീയതി,09/12/2019**

പരാമർശം:- 1.എരുമയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 19/06/2019 ലെ എ3/4976/18 നമ്പർ കത്ത്.

2.പഞ്ചായത്ത് ഡയറക്ടറുടെ 1/9/2019ലെ PAN/8644/2019-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ എരുമയൂർ ഗ്രാമപഞ്ചായത്തിലെ ആരാധന ഗ്രാനൈറ്റ്സ് എം സാന്റ് യൂണിറ്റിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് മാരാക്കാവ് - അയ്യപ്പൻ കാട് - നവക്കോട് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA-249/016- ാം നമ്പർ കേസിൽ 31.10.2017-ലെ ബഹു ഹൈക്കോടതി വിധി ന്യായത്തിൽ നിർദ്ദേശിച്ച പ്രകാരം മാരാക്കാവ് - അയ്യപ്പൻ കാട് - നവക്കോട് റോഡിലെ കൈയേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ച പ്രകാരം റോഡ് കയ്യേറ്റം ഒഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും ജനങ്ങളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനാൽ കേസ് കണ്ടപ്റ്റ് ഓഫ് കോർട്ടായി മാറി . പ്രസ്തുത സാഹചര്യത്തിൽ കേസ് ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനെ ഏൽപ്പിക്കുകയും, കമ്മീഷനെ വയ്ക്കണമെന്ന് ടിയാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയത് പ്രകാരം അഡ്വക്കേറ്റ് ഫീസും കമ്മീഷൻ വെക്കുന്നതിനുള്ള ഫീസുമടക്കം 1 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ യഥേഷ്ടാനുമതി നൽകണമെന്ന് ഭരണസമിതി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിലെ മാരാക്കാവ് - അയ്യപ്പൻ കാട് - നവക്കോട് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA-249/016- ാം നമ്പർ കേസ് നടത്തിപ്പിനായി അഡ്വക്കേറ്റ് ഫീസും കമ്മീഷനെ വെക്കുന്നതിനുമുള്ള ഫീസുമടക്കം 1,00,000/-രൂപ (ഒരു ലക്ഷം രൂപ) എരുമയൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി , എരുമയൂർ ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ